**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 288** **12-03-2025 - ൽ മറുപടിയ്ക്ക്**

**നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>കേരളത്തിന്റെ കാർഷിക സമ്പത്ത് വ്യവസ്ഥയിൽ നിർണായക സ്വാധീനമാണ് നാളികേര കൃഷിയ്ക്കുള്ളത്. ചെറുകിട കർഷകരാണ് ഈ മേഖലയിൽ കൂടുതലായി ഉള്ളത്. അത്യുൽപ്പാദനശേഷിയുള്ള തൈകളുടെ ലഭ്യതക്കുറവ്, കീടബാധ, തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ്, നാളികേരത്തിന്റെ വിലക്കുറവ് തുടങ്ങിയവയായിരുന്നു കേരകർഷകർ നേരിട്ടിരുന്ന പ്രധാന പ്രശ്നങ്ങൾ. നാളികേര മേഖലയിലെ കർഷകരുടെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി ലക്ഷ്യാധിഷ്ഠിത സമീപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി കർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസകരവും കൂടുതൽ കർഷകരെ തെങ്ങു കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ ഉതകുന്നതുമാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 232 കേരഗ്രാമങ്ങളിലൂടെ 153 കോടി രൂപയാണ് നാളികേര കൃഷി പ്രോത്സാഹിപ്പിക്കുവാനായി സർക്കാർ വിനിയോഗിച്ചത്. ഉൽപ്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വയ്ക്കുന്നതിനുള്ള സഹായം, കണിക ജലസേചന മാർഗ്ഗങ്ങൾ നടപ്പാക്കൽ, ഇടവിള കൃഷി, സംയോജിത രോഗ കീട ബാധ നിയന്ത്രണം, സംയോജിത വള പ്രയോഗം എന്നീ പിന്തുണ നൽകിയാണ് നാളികേര ഉത്പാദന വർദ്ധനവ് സാധ്യമായത്. 2021 മുതൽ നാളിതുവരെ 48,19,185 ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി ഭവൻ വഴി വിതരണം ചെയ്തു കഴിഞ്ഞു. പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 32 |

| | | | |
|---|---|---|---|
| | | | രൂപയിൽ നിന്നും 34 രൂപയായി വർധിപ്പിക്കുകയും ഒരു തെങ്ങിൽ നിന്നുള്ള സംഭരണത്തിന്റെ പരിധി 50 തേങ്ങയിൽ നിന്നും 70 ആയി ഉയർത്തുകയും ചെയ്തതോടുകൂടി ഈ മേഖലയിലെ ചെറുകിട കർഷകർക്ക് പിന്തുണ നൽകാൻ സർക്കാരിന് സാധിച്ചു.<br><br>സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം തെങ്ങിന്റെ ഉൽപ്പാദന ക്ഷമത 2021-22 ൽ 6228 നാളികേരം / ഹെക്ടറായിരുന്നത് 2022-23 -ൽ 7419 നാളികേരം/ ഹെക്ടർ ആയി ഉയർത്തുവാൻ സാധിച്ചത് കേരഗ്രാമം പദ്ധതി, നാളികേര വികസന കൗൺസിൽ നിഷ്കർഷിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ സർക്കാർ നൽകിയ പിന്തുണ മുഖേനയാണെന്ന് വിലയിരുത്തുന്നു. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | നാളികേര ഉല്പാദനചെലവ് കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>കേരളത്തിന്റെ കാർഷിക സമ്പത്ത് വ്യവസ്ഥയിൽ നിർണായക സ്വാധീനമാണ് നാളികേര കൃഷിയ്ക്കുള്ളത്. ചെറുകിട കർഷകരാണ് ഈ മേഖലയിൽ കൂടുതലായി ഉള്ളത്. അത്യുൽപ്പാദനശേഷിയുള്ള തൈകളുടെ ലഭ്യതക്കുറവ്, കീടബാധ, തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ്, നാളികേരത്തിന്റെ വിലക്കുറവ് തുടങ്ങിയവയായിരുന്നു കേരകർഷകർ നേരിട്ടിരുന്ന പ്രധാന പ്രശ്നങ്ങൾ. നാളികേര മേഖലയിലെ കർഷകരുടെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി ലക്ഷ്യാധിഷ്ഠിത സമീപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി കർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസകരവും കൂടുതൽ കർഷകരെ തെങ്ങു കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ ഉതകുന്നതുമാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 232 കേരഗ്രാമങ്ങളിലൂടെ 153 കോടി രൂപയാണ് നാളികേര കൃഷി പ്രോത്സാഹിപ്പിക്കുവാനായി സർക്കാർ വിനിയോഗിച്ചത്. ഉൽപ്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വയ്ക്കുന്നതിനുള്ള സഹായം, കണിക ജലസേചന മാർഗ്ഗങ്ങൾ നടപ്പാക്കൽ, ഇടവിള കൃഷി, സംയോജിത രോഗ കീട ബാധ നിയന്ത്രണം, സംയോജിത വള പ്രയോഗം എന്നീ പിന്തുണ നൽകിയാണ് നാളികേര ഉത്പാദന വർദ്ധനവ് സാധ്യമായത്. 2021 മുതൽ നാളിതുവരെ 48,19,185 ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി |

| | | | |
|---|---|---|---|
| | | | ഭവൻ വഴി വിതരണം ചെയ്തു കഴിഞ്ഞു. പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 32 രൂപയിൽ നിന്നും 34 രൂപയായി വർധിപ്പിക്കുകയും ഒരു തെങ്ങിൽ നിന്നുള്ള സംഭരണത്തിന്റെ പരിധി 50 തേങ്ങയിൽ നിന്നും 70 ആയി ഉയർത്തുകയും ചെയ്തതോടുകൂടി ഈ മേഖലയിലെ ചെറുകിട കർഷകർക്ക് പിന്തുണ നൽകാൻ സർക്കാരിന് സാധിച്ചു.<br><br>സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം തെങ്ങിന്റെ ഉൽപ്പാദന ക്ഷമത 2021-22 ൽ 6228 നാളികേരം / ഹെക്ടറായിരുന്നത് 2022-23 -ൽ 7419 നാളികേരം/ ഹെക്ടർ ആയി ഉയർത്തുവാൻ സാധിച്ചത് കേരഗ്രാമം പദ്ധതി, നാളികേര വികസന കൗൺസിൽ നിഷ്കർഷിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ സർക്കാർ നൽകിയ പിന്തുണ മുഖേനയാണെന്ന് വിലയിരുത്തുന്നു. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ഈ രംഗത്ത് യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും തെങ്ങുകയറ്റ തൊഴിലാളികളുടെ കൂട്ടായ്മകൾ രൂപീകരിച്ച് യഥാസമയം തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | തെങ്ങ് കൃഷിയിൽ യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര -സംസ്ഥാന പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM) മുഖേന വ്യക്തികൾക്കും കർഷക കൂട്ടായ്മകൾക്കും കൃഷി ഭൂമി ഒരുക്കുന്നതിനും കളകൾ ഒഴിവാക്കുന്നതിനും കുഴി എടുക്കുന്നതിനും തെങ്ങ് കയറുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായ കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ നൽകി വരുന്നു.<br><br>കാർഷിക മേഖലയിലെ സേവനങ്ങൾ കർഷകർക്ക് വേഗത്തിലും കുറഞ്ഞ ചെലവിലും ലഭ്യമാക്കുന്നതിനായി ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി സേവന മേഖലയിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകയറ്റ സേവനം നൽകുന്ന 132 സേവന കൃഷിക്കൂട്ടങ്ങൾ പ്രവർത്തിച്ചു വരുന്നു.<br><br>കൃഷി വകുപ്പിന് കീഴിലുള്ള റിസേർച്ച് ടെസ്റ്റിംഗ് ആൻഡ് ട്രെയിനിങ് സെന്റർ നാളികേര വികസന ബോർഡുമായി ചേർന്ന് 60 പേർക്ക് തെങ്ങു കയറ്റ പരിശീലനം നൽകുകയും തെങ്ങു കയറ്റ യന്ത്രം സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ കാൾ സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇവരുടെ സേവനം കർഷകർക്ക് ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

കേരഗ്രാമം പദ്ധതിയിൽ തെങ്ങിന്റെ സമഗ്രമായ പരിപാലനത്തിന് ഊന്നൽ നൽകുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.

**കേരഗ്രാമം ഒന്നാം വർഷം** (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം ) – താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന പ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/ പ്രവർത്തനങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ് .ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ – 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ – 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി – 6000 രൂപ/ ഹെക്ടറിന്

(d)സംയോജിത വള പ്രയോഗം

i )കുമ്മായം – 9 രൂപ/തെങ്ങ്

ii )രാസവളം/ജീവാണുവളങ്ങൾ, – 20 രൂപ/തെങ്ങ്

iii)മഗ്നീഷ്യം സൾഫേറ്റ് – 3.75 രൂപ/തെങ്ങ്

1v)ജൈവവളം – 25 രൂപ/തെങ്ങ്

(e)സംയോജിത സസ്യസംരക്ഷണം

i ) സസ്യസംരക്ഷണം – 10 രൂപ/തെങ്ങ്

ii ) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് –75 രൂപ/തെങ്ങ്

f)രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്–1000 രൂപ/ തെങ്ങ്

g)ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് – 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

1–പരിചരണ മുറകൾക്കായി 19.2– ലക്ഷം രൂപയും

2–മുതൽ 7– വരെ ഉള്ള ഘടകങ്ങൾക്കു 6.47–ലക്ഷം രൂപ നൽകുന്നു .ആകെ 25.67–ലക്ഷം രൂപ ഒന്നാം വർഷം

ഒരു കേരഗ്രാമത്തിനു നൽകുന്നു .

**കേരഗ്രാമം രണ്ടാം വർഷം:**

രണ്ടാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം & സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8 .00 ലക്ഷം രൂപ സഹായം നൽകുന്നു.

**കേരഗ്രാമം മൂന്നാം വർഷം:**

മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗംത്തിനായി 4 .00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കേര രക്ഷാവാരംപദ്ധതി നടപ്പാക്കി വരുന്നുണ്ട്. നാളികേര വികസന പദ്ധതിയുടെ ഘടകമായ കേരരക്ഷ വാരം കാമ്പയിനുകളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് വിവിധ ശാസ്ത്രീയ പരിപാലന രീതികൾ എന്നിവയ്ക്ക് കർഷകർക്കിടയിൽ പ്രചാരം നൽകുന്നു.

പുതിയതും നിലവിലുള്ളതുമായ തോട്ടങ്ങളിൽ ശീമകൊന്ന പോലെയുള്ള പച്ചിലവളപ്രയോഗം നടത്തുന്നതിന്റെയും, പയർ വർഗ്ഗ ചെടികൾ തെങ്ങിൻ തടങ്ങളിൽ വളർത്തി അത് പൂക്കുന്നതിനു മുൻപേ മണ്ണിൽ ചേർത്ത് മണ്ണിന്റെ ഫലഭൂയിഷ്ഠതയും ഘടനയും മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും അതുവഴി വിളവ് മെച്ചപ്പെടുത്തുക, ജൈവ വളപ്രയോഗം തുടങ്ങിയ പരമ്പരാഗത രീതികൾ പുനരുജ്ജീവിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു.

കാലാകാലങ്ങളിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിന്റെ ആവശ്യകതയെ കുറിച്ചും, തെങ്ങിന്റെ പ്രധാന കീടങ്ങളായ ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നിവയുടെ നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ചും കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം തന്നെ ഇതിനായുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു. മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്നതിനായി തെങ്ങൊന്നിന് 75/-രൂപ സബ്സിഡി അനുവദിക്കുന്നു.

ജൈവീക നിയന്ത്രണ മാർഗ്ഗങ്ങൾ സംയോജിപ്പിച്ചു കൊണ്ട് തെങ്ങിന്റെ പ്രധാന കീടരോഗങ്ങളുടെ നിയന്ത്രണത്തെ കുറിച്ചും കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് ഇടവിള കൃഷിയുടെ പ്രാധാന്യത്തെ കുറിച്ചും കർഷകർക്ക് ബോധവൽക്കരണം നൽകി വരുന്നു.

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ കൃഷി വകുപ്പിന് കീഴിലുള്ള തെങ്ങിൻ തൈ നഴ്സറികളിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി വിത്ത് തേങ്ങാ സംഭരണം നടപ്പിലാക്കി വരുന്നു.

കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെയാണ് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡ് തലത്തിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനെസ്സ് കൺസോർഷ്യം (SFAC) മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

നാളികേര വികസന ബോർഡ് പദ്ധതിയിൽ മാതൃക തോട്ടങ്ങൾ, ജൈവള നിർമ്മാണ യൂണിറ്റുകൾ, പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ

മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ . നാളികേര വികസന പദ്ധതിയിൽ തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി ഉൾപ്പെടുത്തിരിക്കുന്ന ഘടകങ്ങൾ.

തെങ്ങ് കൃഷിയിൽ യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൃഷി ഭൂമി ഒരുക്കുന്നതിനും കളകൾ ഒഴിവാക്കുന്നതിനും കുഴി എടുക്കുന്നതിനും തെങ്ങ് കയറുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായ ട്രാക്ടർ, പവർ ടില്ലർ, വീഡറുകൾ, പോസ്റ്റ് ഹോൾ ഡിഗ്ഗർ, കോക്കനട്ട് ക്ലൈമ്പർ, കൊപ്ര ഡ്രയർ, ഓയിൽ മില്ല്, തേങ്ങ പൊതിക്കുന്ന യന്ത്രം തുടങ്ങിയ യന്ത്രോപകരണങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM) മുഖേന വ്യക്തികൾക്കും കർഷക കൂട്ടായ്മകൾക്കും സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്. ചെറുകിട നാമമാത്ര കർഷകർ, വനിതകൾ, പട്ടിക ജാതി-പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുന്ന കർഷകർ എന്നിവർക്ക് യന്ത്രങ്ങളുടെ വിലയുടെ 50 ശതമാനം വരെയും മറ്റുള്ളവർക്ക് 40 ശതമാനം വരെയും സബ്സിഡി ലഭ്യമാണ്. കർഷക കൂട്ടായ്മകൾ, FPO, പ്രാഥമിക സഹകരണസംഘങ്ങൾ തുടങ്ങിയവർക്ക് 80 ശതമാനം വരെ സബ്സിഡിയിൽ യന്ത്രോപകരണങ്ങൾ ഈ പദ്ധതി പ്രകാരം സ്വന്തമാക്കാവുന്നതാണ്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണിയിലെ റിസർച്ച് ടെസ്റ്റിംഗ് & ട്രെയിനിങ് സെന്റർ (RTTC) മുഖേന 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡുമായി ചേർന്ന് 40 പേർക്ക് 2 ബാച്ചുകളായി തെങ്ങുകയറ്റ യന്ത്രം ഉപയോഗിച്ച് തെങ്ങ്കയറ്റത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 20 പേരടങ്ങുന്ന ഒരു ബാച്ചിന് തെങ്ങ്കയറ്റ പരിശീലനം നല്കി. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുന്നതോടൊപ്പം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് നൽകുന്ന ഒരു വർഷത്തെ ഇൻഷുറൻസ് കവറേജും നൽകിവരുന്നുണ്ട്. ടി പരിശീലനത്തിൽ പങ്കെടുത്തവരെ നാളികേര വികസന ബോർഡിന്റെ കൊച്ചിയിലുള്ള FoCT (Friends of Coconut Tree) കാൾ സെന്റർ കൂട്ടായ്മയിൽ രജിസ്റ്റർ ചെയ്യിക്കുന്നതും ഇവരുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതും ആകുന്നു. വിവിധ നിർമാണ കമ്പനികളുടെ ഇരുന്നുകൊണ്ടും നിന്നുംകൊണ്ടും തെങ്ങ് കയറുന്നതിനുള്ള തെങ്ങുകയറ്റ യന്ത്രം RTTC മുഖേന ടെസ്റ്റ് ചെയ്ത് ആയതിന്റെ ഗുണനിലവാരം പരിശോധിച്ച് നിലവാരമുള്ള യന്ത്രങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM വഴി കർഷകർക്ക് സബ്സിഡിയിൽ ലഭ്യമാക്കിവരുന്നു.

**അനുബന്ധം**

## കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

കേരഗ്രാമം പദ്ധതിയിൽ തെങ്ങിന്റെ സമഗ്രമായ പരിപാലനത്തിന് ഊന്നൽ നൽകുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.

**കേരഗ്രാമം ഒന്നാം വർഷം** (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം ) – താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/– രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന പ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/ പ്രവർത്തനങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ് .ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ – 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ – 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി – 6000 രൂപ/ ഹെക്ടറിന്

(d)സംയോജിത വള പ്രയോഗം

i )കുമ്മായം – 9 രൂപ/തെങ്ങ്

ii )രാസവളം/ജീവാണുവളങ്ങൾ, – 20 രൂപ/തെങ്ങ്

iii)മഗ്നീഷ്യം സൾഫേറ്റ് – 3.75 രൂപ/തെങ്ങ്

1v)ജൈവവളം – 25 രൂപ/തെങ്ങ്

(e)സംയോജിത സസ്യസംരക്ഷണം

i ) സസ്യസംരക്ഷണം – 10 രൂപ/തെങ്ങ്

ii ) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് –75 രൂപ/തെങ്ങ്

f)രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്–1000 രൂപ/ തെങ്ങ്

g)ഇണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് – 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/– രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/– രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/– രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/– രൂപ.

8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം.

1–പരിചരണ മുറകൾക്കായി 19.2– ലക്ഷം രൂപയും

2–മുതൽ 7– വരെ ഉള്ള ഘടകങ്ങൾക്കു 6.47–ലക്ഷം രൂപ നൽകുന്നു .ആകെ 25.67–ലക്ഷം രൂപ ഒന്നാം വർഷം

ഒരു കേരഗ്രാമത്തിനു നൽകുന്നു .

**കേരഗ്രാമം രണ്ടാം വർഷം:**

രണ്ടാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം & സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8 .00 ലക്ഷം രൂപ സഹായം നൽകുന്നു.

**കേരഗ്രാമം മൂന്നാം വർഷം:**

മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗംത്തിനായി 4 .00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കേര രക്ഷാവാരംപദ്ധതി നടപ്പാക്കി വരുന്നുണ്ട്. നാളികേര വികസന പദ്ധതിയുടെ ഘടകമായ കേരരക്ഷ വാരം കാമ്പയിനുകളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് വിവിധ ശാസ്ത്രീയ പരിപാലന രീതികൾ എന്നിവയ്ക്ക് കർഷകർക്കിടയിൽ പ്രചാരം നൽകുന്നു.

പുതിയതും നിലവിലുള്ളതുമായ തോട്ടങ്ങളിൽ ശീമകൊന്ന പോലെയുള്ള പച്ചിലവളപ്രയോഗം നടത്തുന്നതിന്റെയും, പയർ വർഗ്ഗ ചെടികൾ തെങ്ങിൻ തടങ്ങളിൽ വളർത്തി അത് പൂക്കുന്നതിനു മുൻപേ മണ്ണിൽ ചേർത്ത് മണ്ണിന്റെ ഫലഭൂയിഷ്ഠതയും ഘടനയും മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും അതുവഴി വിളവ് മെച്ചപ്പെടുത്തുക, ജൈവ വളപ്രയോഗം തുടങ്ങിയ പരമ്പരാഗത രീതികൾ പുനരുജ്ജീവിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു.

കാലാകാലങ്ങളിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിന്റെ ആവശ്യകതയെ കുറിച്ചും, തെങ്ങിന്റെ പ്രധാന കീടങ്ങളായ ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നിവയുടെ നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ചും കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം തന്നെ ഇതിനായുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു. മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്നതിനായി തെങ്ങൊന്നിന് 75/-രൂപ സബ്സിഡി അനുവദിക്കുന്നു.

ജൈവീക നിയന്ത്രണ മാർഗ്ഗങ്ങൾ സംയോജിപ്പിച്ചു കൊണ്ട് തെങ്ങിന്റെ പ്രധാന കീടരോഗങ്ങളുടെ നിയന്ത്രണത്തെ കുറിച്ചും കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് ഇടവിള കൃഷിയുടെ പ്രാധാന്യത്തെ കുറിച്ചും കർഷകർക്ക് ബോധവൽക്കരണം നൽകി വരുന്നു.

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ കൃഷി വകുപ്പിന് കീഴിലുള്ള തെങ്ങിൻ തൈ നഴ്സറികളിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി വിത്ത് തേങ്ങാ സംഭരണം നടപ്പിലാക്കി വരുന്നു.

കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെയാണ് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡ് തലത്തിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനെസ്സ് കൺസോർഷ്യം (SFAC) മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

നാളികേര വികസന ബോർഡ് പദ്ധതിയിൽ മാതൃക തോട്ടങ്ങൾ, ജൈവവള നിർമ്മാണ യൂണിറ്റുകൾ, പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ

മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ . നാളികേര വികസന പദ്ധതിയിൽ തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി ഉൾപ്പെടുത്തിരിക്കുന്ന ഘടകങ്ങൾ.

തെങ്ങ് കൃഷിയിൽ യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൃഷി ഭൂമി ഒരുക്കുന്നതിനും കളകൾ ഒഴിവാക്കുന്നതിനും കുഴി എടുക്കുന്നതിനും തെങ്ങ് കയറുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായ ട്രാക്ടർ, പവർ ടില്ലർ, വീഡറുകൾ, പോസ്റ്റ് ഹോൾ ഡിഗ്ഗർ, കോക്കനട്ട് ക്ലൈമ്പർ, കൊപ്ര ഡ്രയർ, ഓയിൽ മില്ല്, തേങ്ങ പൊതിക്കുന്ന യന്ത്രം തുടങ്ങിയ യന്ത്രോപകരണങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM) മുഖേന വ്യക്തികൾക്കും കർഷക കൂട്ടായ്മകൾക്കും സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്. ചെറുകിട നാമമാത്ര കർഷകർ, വനിതകൾ, പട്ടിക ജാതി-പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുന്ന കർഷകർ എന്നിവർക്ക് യന്ത്രങ്ങളുടെ വിലയുടെ 50 ശതമാനം വരെയും മറ്റുള്ളവർക്ക് 40 ശതമാനം വരെയും സബ്സിഡി ലഭ്യമാണ്. കർഷക കൂട്ടായ്മകൾ, FPO, പ്രാഥമിക സഹകരണസംഘങ്ങൾ തുടങ്ങിയവർക്ക് 80 ശതമാനം വരെ സബ്സിഡിയിൽ യന്ത്രോപകരണങ്ങൾ ഈ പദ്ധതി പ്രകാരം സ്വന്തമാക്കാവുന്നതാണ്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണിയിലെ റിസർച്ച് ടെസ്റ്റിംഗ് & ട്രെയിനിങ് സെന്റർ (RTTC) മുഖേന 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡുമായി ചേർന്ന് 40 പേർക്ക് 2 ബാച്ചുകളായി തെങ്ങുകയറ്റ യന്ത്രം ഉപയോഗിച്ച് തെങ്ങ്കയറ്റത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 20 പേരടങ്ങുന്ന ഒരു ബാച്ചിന് തെങ്ങ്കയറ്റ പരിശീലനം നല്കി. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുന്നതോടൊപ്പം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് നൽകുന്ന ഒരു വർഷത്തെ ഇൻഷുറൻസ് കവറേജും നൽകിവരുന്നുണ്ട്. ടി പരിശീലനത്തിൽ പങ്കെടുത്തവരെ നാളികേര വികസന ബോർഡിന്റെ കൊച്ചിയിലുള്ള FoCT (Friends of Coconut Tree) കാൾ സെന്റർ കൂട്ടായ്മയിൽ രജിസ്റ്റർ ചെയ്യിക്കുന്നതും ഇവരുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതും ആകുന്നു. വിവിധ നിർമാണ കമ്പനികളുടെ ഇരുന്നുകൊണ്ടും നിന്നുകൊണ്ടും തെങ്ങ് കയറുന്നതിനുള്ള തെങ്ങുകയറ്റ യന്ത്രം RTTC മുഖേന ടെസ്റ്റ് ചെയ്ത് ആയതിന്റെ ഗുണനിലവാരം പരിശോധിച്ച് നിലവാരമുള്ള യന്ത്രങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM വഴി കർഷകർക്ക് സബ്സിഡിയിൽ ലഭ്യമാക്കിവരുന്നു.